"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശസ്വയംഭരണ വകുപ്പ്**-കേരള സർക്കാർ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയിലെ **വീടുകൾക്ക് ഭവന ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിന്** അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Ms) No.54/2021/LSGD തീയതി,തിരുവനന്തപുരം, 19/02/2021

---

പരാമർശം:- 1 ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് 10/08/2020-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01/10/2020-ലെ 3388/എൻ/2019 കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

3 ലൈഫ് മിഷൻ ചീഫ് എക്സികൃൂട്ടീവ് ഓഫീസറുടെ 15/10/2020, 03/02/2021 എന്നീ തീയതികളിലെ എൽ.എം-15/2020 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

21/05/2020-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഏഴാമത് ലൈഫ് മിഷൻ യോഗത്തിൽ ലൈഫ് ഗുണഭോക്താക്കളുടെ ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സികൃൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സികൃൂട്ടീവ് ഡയറക്ടർ, ലൈഫ് മിഷൻ ചീഫ് എക്സികൃൂട്ടിവ് ഓഫീസർ, സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ എന്നിവരുടെ യോഗം 10/08/2020-ൽ കൂടുകയും ടി യോഗ തീരുമാനപ്രകാരം കുടുംബശ്രീ എക്സികൃൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയ സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ തയ്യാറാക്കിയ പ്രപ്പോസൽ അനുകൂല നടപടിയ്ക്കായി പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സികൃൂട്ടിവ് ഓഫീസർ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

2. ഇൻഷ്വറൻസ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിൽ ഓരോ ഗുണഭോക്താവിനും ജി.എസ്.ടി ഉൾപ്പെടെ വാർഷിക പ്രീമിയമായി 127 രൂപയും, ആദ്യം മൂന്ന് വർഷത്തേക്ക് ഇൻഷ്വറൻസ് ഒരുമിച്ച് എടുത്താൽ വാർഷിക പ്രീമിയത്തിൽ 8% കിഴിവ് അനുവദിച്ചുകൊണ്ട് 3 വർഷത്തേക്ക് 349 രൂപ അടച്ചാൽ മതിയാകുമെന്നും മൂന്ന് വർഷത്തിനുശേഷം സർക്കാർ ഇൻഷ്വറൻസ് പുതുക്കാവുന്ന രീതി തുടരാവുന്നതും അല്ലെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി

ഗുണഭോക്താവിന് നേരിട്ട് പുതുക്കാവുന്ന രീതിയിലാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഇത്തരത്തിൽ ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണം പൂർത്തിയായ 2,50,547 ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ മുഖേന ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാവുന്നതും മൂന്ന് വർഷങ്ങൾക്കുശേഷം ഗുണഭോക്താവ് പ്രീമിയം അടച്ച് ഇൻഷ്വറൻസ് പരിരക്ഷ പുതുക്കുന്ന രീതി അവലംബിക്കുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലും പി.എം.എ.വൈ.(നഗരം)-ലൈഫ് പദ്ധതിയിലും വിവിധ വകുപ്പുകൾ മുഖേന നിർമ്മിച്ചതും, പുതുതായി നിർമ്മിക്കുന്നതുമായ മുഴുവൻ വീടുകൾക്കും ഭവന ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഓരോ വീടിനും പരമാവധി 4 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കത്തക്ക വിധത്തിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് കൊ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന ലൈഫ് ഭവന ഇൻഷ്വറൻസ് പദ്ധതിയുടെ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിന് ആദ്യ മൂന്ന് വർഷത്തേയ്ക്കുള്ള പ്രീമിയം 349/- രൂപ ഒരുമിച്ച് സർക്കാർ ചെലവിൽ അടയ്ക്കുന്നതിനും ഇപ്പോൾ പൂർ ത്തീകരിച്ചിട്ടുള്ള 2 , 5 0 , 5 4 7 വീടുകൾക്ക് ആവശ്യമായ 8,74,40,903(എട്ടുകോടി എഴുപത്തിനാലുലക്ഷത്തി നാൽപതിനായിരത്തി തൊള്ളായിരത്തിമൂന്ന് രൂപ മാത്രം) ലൈഫ് മിഷന്റെ 4515-00-102-49(Rural development)Plan എന്ന ശീർഷകത്തിൽ നിന്നും നൽകുന്നതിനും 3 വർഷത്തിനുശേഷം ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി ഗുണഭോക്താവ് നേരിട്ട് പുതുക്കുന്നതിനും ചുവടെ ചേർക്കുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

- ഇൻഷ്വറൻസ് ചെയ്യപ്പെടുന്ന ഓരോ വീടിനും പരമാവധി 4 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

- **ജി.എസ്.ടി ഉൾപ്പെടെ വാർഷിക പ്രീമിയമായി** Rs.127/- (നൂറ്റി ഇരുപത്തിഏഴ് രൂപാമാത്രം ) അടച്ചാൽ മതിയാകും.

- ആദ്യ മൂന്നു വർഷത്തേയ്ക്ക് ഇൻഷ്വറൻസ് ഒരുമിച്ച് എടുക്കുമ്പോൾ പ്രീമിയത്തിൽ 8 % കിഴിവ് പ്രീമിയം കണക്കാക്കി മൂന്നു വർഷത്തേയ്ക്ക് Rs. 349/-(മുന്നൂറ്റി നാല്പത്തി ഒൻപത് രൂപ മാത്രം) അടയ്ക്കേണ്ടതാണ്.

- ആദ്യ മൂന്നു വർഷത്തിന് ശേഷം ഇൻഷ്വറൻസ് പരിരക്ഷ തുടരുന്നതിനായി ഗുണഭോക്താവിന് നേരിട്ട് പ്രീമിയം അടയ്ക്കാവുന്നതാണ്.

- **ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന നഷ്ടസാദ്ധ്യതകൾ ചുവടെ ചേർക്കുന്നു:**
  **(ഇൻഷ്വറൻസ് കവറേജ് ലഭിക്കുന്നവ)**

- Fire.
- Lighting.
- Explosion/Implosion.
- Aircraft Damage.
- Riot, Strike, Malicious damage.
- Storm, Cyclone, Typhoon, Tempest, Hurricane, Tornado,Flood Inundation, Earth quake/Tsunami.
- Impact Damage.

  Loss or physical damage or destruction caused to the insured property due to the impact by any rail/road vehicle or animal by direct contact not belonging to or owned by
  - insured or by any occupier of the premises or
  - their employees on the course of their employment.
- Subsidence and Landslide including rock slide.
- Bursting and overflowing of water tanks, apparatus and pipes.
- Missile testing operations.
- Leakage from automatic sprinkler installation.
- Bush fire.

- **നഷ്ട പരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:**
  - നഷ്ട പരിഹാരം ലഭിക്കുന്നതിനുള്ള അപകടം നടന്നു എന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ മൂന്നു ദിവസത്തിനുള്ളിൽ ഇൻഷ്വർ ചെയ്യപ്പെട്ട വീടുമായി ബന്ധപ്പെട്ട ഗുണഭോക്താവ് യുണൈറ്റെഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയെ അറിയിക്കേണ്ടതാണ്. പ്രീമിയം അടച്ച് പദ്ധതി തുടങ്ങി 60 ദിവസത്തിനുള്ളിൽ ഇതിനായി അക്ഷയ സെന്റർ മുഖേന ക്ളെയിം റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു വെബ് പോർട്ടൽ സ്ഥിരം സംവിധാനമായി നടപ്പിലാക്കുന്നതാണ് അതുവരെ ഒരു താത്ക്കാലിക കേന്ദ്രീകൃത

സംവിധാനം (ഇ-മെയിൽ വിലാസം: *fireclaims100400@uiic.co.in*/ഫോൺനമ്പർ:0471-2318617)ഒരുക്കുന്നതാണ്.

- ക്ലെയിം സംബന്ധിച്ച അറിയിപ്പ് ലഭിച്ച് 3 ദിവസത്തിനുള്ളിൽ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി സർവ്വേ നടത്തുകയും ആവശ്യമായ രേഖകൾ കൂടി സമർപ്പിക്കുന്ന മുറയ്ക്ക് സർവേ പൂർത്തീകരിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടുന്നതാണ്. അനുവദിക്കപ്പെടാവുന്ന എല്ലാ ക്ലെയിമുകളും ആവശ്യമായ രേഖകൾ ലഭിച്ച് 60 ദിവസങ്ങൾക്കുള്ളിൽ തീർപ്പാക്കേണ്ടതാണ്.
- നഷ്ടപരിഹാരതുക തികച്ചും നിലനില്ക്കുന്നചട്ടങ്ങൾക്ക് അനുസരിച്ചുള്ള ഇൻഷ്വറൻസ് നഷ്ടപരിഹാരതുക മാത്രമായിരിക്കും. ഇത് സർക്കാരിന്റെ വേറെ ഏതെങ്കിലും നഷ്ടപരിഹാര പദ്ധതിയുമായി യാതൊരു ബന്ധവുമുണ്ടായിരിക്കില്ല.
- ഉപഭോക്താവിനെ പോളിസിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന സർക്കാർ ഏജൻസി (കുടുംബശ്രീ/ലൈഫ് മിഷൻ/മറ്റ് വകുപ്പുകൾ) മുഖേന മാത്രമേ നഷ്ടപരിഹാരതുക അനുവദിക്കുകയുള്ളു.
- ഭാഗികമായി കേടുപാടുകൾ സംബന്ധിക്കുന്ന പക്ഷം വീടിന്റെ വിപണിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി പരിരക്ഷാതുകയുടെ ആനുപാതികമായി മാത്രമേ നഷ്ടപരിഹാരതുക അനുവദിക്കു.അതായത് Rs.5,00,000/- രൂപ വിപണിമൂല്യമുള്ള വീടിന് Rs.1,00,000/-ന്റെ നഷ്ടം കണക്കാക്കിയാൽ ആനുപാതികമായി Rs.80,000/- (1,00,000/5,00,000 x4,00,000) മാത്രമേ നഷ്ടപരിഹാരതുക അനുവദിക്കു.
- ഒരു ക്ലെയിം സർവേ നടപടികൾ പൂർത്തിയാക്കി നിയമപരമായി അനുവദിക്കേണ്ട തുക Rs.10000/- ന് മുകളിൽ ഉണ്ടെങ്കിൽ മാത്രമേ തുക അനുവദിക്കുകയുള്ളു.
- സർക്കാർ മുഴുവൻ തുക അടയ്ക്കുന്ന സാഹചര്യത്തിൽ ആയാലും ഉപഭോക്തൃ വിഹിതപ്രകാരമാണെങ്കിലും സർക്കാർ ഏജൻസി(കുടുംബശ്രീ/ലൈഫ് മിഷൻ/മറ്റ് വകുപ്പുകൾ ) മുഖേന മാത്രമേ പദ്ധതി നടത്തു എന്നതിനാൽ നടപടി ക്രമങ്ങളിൽ വ്യത്യാസമുണ്ടാകില്ല.
- പദ്ധതി തുടങ്ങുന്ന തീയതിയിൽ പണി പൂർത്തിയാക്കിയ വീടുകൾക്ക് മാത്രമേ ഇൻഷ്വറൻസ് അനുവദിക്കുകയുള്ളൂ. അതിനു ശേഷം പൂർത്തിയാക്കുന്ന വീടുകൾക്ക് ആറു മാസത്തിൽ ഒരിക്കൽ എന്ന രീതിയിൽ മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്താൻ അവസരം അനുവദിക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(E.No.1612993/DEV-3/107/20-FIN dt 07/01/2021)

പൊതുഭരണ (എസ്.സി)വകുപ്പ്(17/02/2021ലെ മന്ത്രിസഭാ യോഗതീരുമാനത്തിലെ ഇനം നമ്പർ. 4713 പ്രകാരം )

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by REENAMMA P A
Date: 2021.02.19 12:38:03 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് .